**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1700** **19-01-2021 - ൽ മറുപടിയ്ക്ക്**

**റൂറൽ ഇക്കണോമിക്സ് ലക്ചറർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണ് റൂറൽ ഇക്കണോമിക്സ് ലക്ചറർ തസ്തികകൾ ഉള്ളതെന്നറിയിക്കാമോ; ഇവരുടെ വിദ്യാഭ്യാസ യോഗ്യതയും ശമ്പളസ്കെയിലും വ്യക്തമാക്കാമോ; | (എ) | തളിപ്പറമ്പ്, മണ്ണുത്തി, കൊട്ടാരക്കര എന്നീ വികസന പരിശീലന കേന്ദ്രങ്ങളിൽ റൂറൽ ഇക്കണോമിക്സ് ലക്ചറർ തസ്തികകൾ നിലവിലുണ്ട്. വിദ്യാഭ്യാസ യോഗ്യത 50% മാർക്കോടുകൂടി എക്കണോമിക്സിലോ അപ്ലൈഡ് എക്കണോമിക്സിലോ മാസ്റ്റർ ബിരുദം. ശമ്പള സ്കെയിൽ ലക്ചറർ റൂറൽ എക്കണോമിക്സ് ഗ്രേഡ് I 35700-75600 ലക്ചറർ റൂറൽ എക്കണോമിക്സ് ഗ്രേഡ് II 29200-62400 കിലയിൽ റൂറൽ ഇക്കണോമിക്സ് ലക്ചററുടെ ഒരു തസ്തിക നിലവിലുണ്ട്. വിദ്യാഭ്യാസ യോഗ്യത എം.എ.ഇക്കണോമിക്സ്/ ഇക്കണോമെട്രിക്സ്. അധ്യാപനപരിചയം,കംപ്യൂട്ടർ പരിജ്ഞാനം എം.ഫിൽ,/പി.എച്ച്.ഡി അഭിലഷണീയം ശമ്പളസ്കെയിൽ 36,600-79,200 |
| (ബി) | ലക്ചറർ തസ്തികകൾ ഏകീകരിച്ച് സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമവികസന കമ്മീഷണർ ശുപാർശ നൽകിയിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ